# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3162** 18.06.2019-ൽ മറുപടിയ്ക്ക്

## ഹാർബർ എഞ്ചിനീയറിംഗിന്റെ ഫണ്ട്

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഹാർബർ എഞ്ചിനീയറിംഗിന്റെ ഫണ്ടുപയോഗിച്ച് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | എ) സ.ഉ(സാ.ധാ) നമ്പർ 127/2019/മ.തു.വ തീയതി. 15/02/2019 ഉത്തരവ് പ്രകാരമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണം, നിലവാരം ഉയർത്തൽ, അറ്റകുറ്റപ്പണികൾ മുതലായ പ്രവൃത്തികൾ ചെയ്യുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഉത്തരവ് അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് ജില്ലയിൽ മാനദണ്ഡങ്ങൾ പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെ യാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മാനദണ്ഡങ്ങൾ പ്രകാരം 32 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ തീരദേശ റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു |
| സി) കാസർകോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗിന്റെ കീഴിൽ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച റോഡുകൾ, ടെണ്ടർ ചെയ്ത റോഡുകൾ, പ്രവൃത്തി തുടങ്ങാനായി എഗ്രിമെന്റ് വെച്ച റോഡുകൾ, എസ്റ്റിമേറ്റ് എടുത്ത റോഡുകൾ, എസ്റ്റിമേറ്റ് എടുക്കാനിരിക്കുന്ന റോഡുകൾ സംബന്ധിച്ച വിശദാംശം മണ്ഡലം തിരിച്ച നൽകാമോ; | സി) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ 13 തീരദേശ റോഡുകളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. 5 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. 6 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുണ്ട്. 4 പ്രവൃത്തികൾ ആരംഭിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 15 റോഡുകൾക്ക് എസ്റ്റിമേറ്റ് എടുക്കാനുണ്ട്. ഈ തീരദേശ റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| ഡി) ഹാർബർ എഞ്ചിനീയറിംഗിന്റെ ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് **സംബന്ധിച്ച പുതിയ സർക്കാർ** ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഡി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ നിർമ്മിച്ചിട്ടുള്ള തീരദേശ റോഡുകളുടെ മണ്ഡലം തിരിച്ചുള്ള പട്ടിക

| ക്രമ നം. | തുക അനുവദിച്ച വർഷം | പ്രവൃത്തിയുടെ പേര് | നിയമസഭാ മണ്ഡലം | അനുവദിച്ച തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ ഇപ്പോഴത്തെ നില |
|---|---|---|---|---|---|
| 1 | 2016-17 | റഹ്മത്ത് മജൽ ഫിഷറീസ് കോളനി റോഡ് | മഞ്ചേശ്വരം | 19.97 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | | കൊപ്ര ബസാർ - വലിയനാങ്ങി റോഡ് ( II reach) | | 21.55 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ കല്ലൂരവി പച്ച ഭണ്ടാരം പഴയ കടപ്പുറം കാഞ്ഞങ്ങാട് തൈക്കടപ്പുറം റോഡ് | കാഞ്ഞങ്ങാട് | 8.40 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | | ഇട്ടമ്മൽ സൗത്ത് മുനിസിപ്പാലിറ്റി റോഡ് | | 20.70 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | | കല്ലൂരാവി – കടപ്പുറം ഭഗവതി തൈക്കടപ്പുറം റോഡ് | | 11.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | | പടന്നക്കാട് ഒഴിഞ്ഞ വളപ്പ് റോഡ് | | 80 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | | വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ കന്നുവീട് കടപ്പുറം മുതൽ പാണ്ട്യാലക്കടവ് റോഡ് | തൃക്കരിപ്പൂർ | 59.62 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | | വലിയ പറമ്പ ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ ബാങ്ക് അയിറ്റിക്കടവ് റോഡ് | | 36.40 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | | ഓരി ബോട്ട്ജെട്ടി ഈസ്റ്റ് ഇടക്കെ ഏട്ട് ബ്രിഡ്ജ് കോസ്റ്റൽ റോഡ് | | 51.14 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | | പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ കാലിക്കടവ് വയക്കോടൻ വയൽ റോഡ് | ഉദുമ | 56.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | | ഉദുമ ഗ്രാമപഞ്ചായത്തിലെ പാലക്കുന്ന് കാപ്പിൽ ബീച്ച് റോഡ് | | 25.00 | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | | | |
|---|---|---|---|---|---|
| 12 | | ഉദുമ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ പാലക്കുന്ന് റോഡ് | | 4.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 13 | 2017-18 | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ കൊട്ടച്ചേരി സർക്കിൾ മീനാപ്പീസ് റോഡ് | കാഞ്ഞങ്ങാട് | 97.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 14 | | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ മൂവാരികുണ്ട് കളത്തൂർ റോഡ് | | 27.70 | പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | | അജാനൂർ പഞ്ചായത്തിലെ അജാനൂർ കടപ്പുറം വായനശാല ഫിഷ് ലാന്റിംഗ് സെന്റർ റോഡ് | | 35.15 | പ്രവൃത്തി പൂർത്തീകരിച്ചു |
| 16 | | അജാനൂർ പഞ്ചായത്തിലെ കരിവാളം ആയുർവേദ ഹോസ്പിറ്റൽ റോഡ് | | 5.20 | പ്രവൃത്തി പൂർത്തീകരിച്ചു |
| 17 | | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ പഴയകടപ്പുറം പുഞ്ചാവി സ്കൂൾശബരി ക്ലബ് റോഡ് | | 8.10 | പ്രവൃത്തി പൂർത്തീകരിച്ചു |
| 18 | | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ കുശാൽ നഗർ പാമ്പിൻസ്ഥപം അരിയിൽ റോഡ് | | 25.25 | പ്രവൃത്തി പൂർത്തീകരിച്ചു |
| 19 | | അജാനൂർ പഞ്ചായത്തിലെ കൊളവയൽ പോസ്റ്റ് ഓഫീസ് പടിഞ്ഞാറ കുരുമ്പ റോഡ് | | 19.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 20 | | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ നെഹ്റു കോളേജ് ഐഡിയൽ സ്കൂൾ റോഡ് | | 32.64 | പ്രവൃത്തി പൂർത്തീകരിച്ചു |
| 21 | | ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ചെമ്മനാട് മണൽ റോഡ് | ഉദുമ | 57.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 22 | | പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പള്ളിക്കര മഠം കൊച്ചി | | 31.00 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| | | ബസാർ ബിലാൽ റോഡ് | | | |
| 23 | | പള്ളിക്കര ഗ്രാമപഞ്ചായത്തിലെ കല്ലിങ്കൽ റെയിൽവേ ലൈൻ റോഡ് | | 15.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 24 | 2017-18 | ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ കളനാട് അയ്യങ്കോൽ റഹ്മത്ത് റോഡ് | ഉദുമ | 20.70 | പ്രവൃത്തി പൂർത്തീകരിച്ചു |
| 25 | | ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ഉളുജി അരമങ്ങാനം അംഗൻവാടി റോഡ് | | 16.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 26 | | മാച്ചിപ്പുറം - മാച്ചിപ്പുറം കടവ് റോഡ് | | 20.40 | പ്രവൃത്തി പൂർത്തീകരിച്ചു |
| 27 | | ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ കളനാട് കോഴിത്തിടി റോഡ് | | 34.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 28 | | ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ കളനാട് ഓവർ ബ്രിഡ്ജ് തൊട്ടി റോഡ് | | 44.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 29 | 2018-19 | പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ചേറ്റുക്കുണ്ട് കടപ്പുറം റോഡ് | ഉദുമ | 41.40 | പ്രവൃത്തി പൂർത്തീകരിച്ചു |
| 30 | | ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ കളനാട് വാർഡ് പുളന്തൊട്ടി റോഡ് | | 29.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 31 | | ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ കളനാട് അയ്യങ്കോൽ മസ്ജിദ് റോഡ് | | 37.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 32 | | ഉദുമ ഗ്രാമപഞ്ചായത്തിലെ ബെലക്കാട് - ഇറോൾ കുന്നുമ്മൽ റോഡ് | | 14.70 | പ്രവൃത്തി പൂർത്തീകരിച്ചു |

(signature)

**സെക്ഷൻ ആഫീസർ**

# അനുബന്ധം. (ബി)

കാസർഗോഡ് ജില്ലയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും, സാങ്കേതികാനുമതി ലഭിച്ചതും, ഭരണാനുമതി ലഭിച്ചതും,ടെൻഡർ ചെയ്തതും കരാറിലേർപ്പെട്ടതും എസ്റ്റിമേറ്റ് എടുക്കാനുള്ളതുമായ തീരദേശ റോഡുകളുടെ മണ്ഡലം തിരിച്ചുള്ള പട്ടിക

| ക്രമ നം. | തുക അനുവദിച്ച വർഷം | പ്രവൃത്തിയുടെ പേര് | നിയമസഭാ മണ്ഡലം | അനുവദിച്ച തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ ഇപ്പോഴത്തെ നില |
|---|---|---|---|---|---|
| 1 | 2016-17 | ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ചാത്തങ്കൈ ചെമ്പരിക്ക സ്കൂൾ റോഡ് | ഉദുമ | 100.00 | പ്രവൃത്തി ആരംഭിച്ചു. |
| 2 | 2017-18 | ഉദുമ ഗ്രാമപഞ്ചായത്തിലെ ഞെക്ലികൊട്ടക്കുന്ന് റോഡ് | ഉദുമ | 79.30 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം - അപ്രോച്ച് റോഡ് തെക്ക് ഭാഗം പുന:സ്ഥാപനവും വീതികൂട്ടുന്നതും | മഞ്ചേശ്വരം | 326.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 4 | | നീലേശ്വരം എൻ.എച്ച് അഴിത്തല റോഡ് | തൃക്കരിപ്പൂർ | 217.50 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 5 | 2018-19 | അച്ചാംതുരുത്തി പോസ്റ്റ് ഓഫീസ് റോഡ് | തൃക്കരിപ്പൂർ | 26.30 | ടെൻഡർ നടപടി പുരോഗമിക്കുന്നു. |
| 6 | | ചെറുവത്തൂർ പഞ്ചായത്ത് അച്ചാംതുരുത്തി തെക്കുംപുറം റോഡ് | തൃക്കരിപ്പൂർ | 21.70 | സാങ്കേതികാനുമതി നൽകാനുണ്ട്. |
| 7 | | ചെറുവത്തൂർ അച്ചാംതുരുത്തി വലിയ പൊയിൽ അഞ്ചിന്ത പൊരായിക റോഡ് | തൃക്കരിപ്പൂർ | 16.70 | സാങ്കേതികാനുമതി നൽകാനുണ്ട്. |
| 8 | | ചെറുവത്തൂർ പഞ്ചായത്ത് കുനഗട്ട അമ്പലം ഓരിബണ്ട് റോഡ് | തൃക്കരിപ്പൂർ | 48.70 | സാങ്കേതികാനുമതി നൽകാനുണ്ട്. |
| 9 | | നീലേശ്വരം മുനിസിപ്പാലിറ്റി കണിച്ചിറ കൊടച്ചാൽ തീരദേശ റോഡ് | തൃക്കരിപ്പൂർ | 32.50 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 10 | | വലിയപറമ്പ ഗ്രാമ പഞ്ചായത്തിലെ മാടക്കൽ ബോട്ട്ജെട്ടി വടക്ക് തീരദേശ റോഡ് | തൃക്കരിപ്പൂർ | 25.20 | ടെൻഡർ നടപടി പുരോഗമിക്കുന്നു. |
| 11 | | പടന്ന ഗ്രാമപഞ്ചായത്തിലെ തെക്കേക്കടവ് ബണ്ട് കൊടിക് ബോട്ട്ജെട്ടി റോഡ് | തൃക്കരിപ്പൂർ | 118.00 | സാങ്കേതികാനുമതി നൽകാനുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 12 | 2018-19 | മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ കുന്നിൽ മസ്ജിദ് പള്ളം റോഡ് | മഞ്ചേശ്വരം | 29.90 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| 13 | | മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ കണ്ടുകൊളക്കചക്കിഗുഡ്ഡെറോഡ് | മഞ്ചേശ്വരം | 39.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 14 | | മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ എം.സി ക്രോസ്സ് റോഡ് ജുമാമസ്ജിദ് റോഡ് | മഞ്ചേശ്വരം | 27.50 | പ്രവൃത്തി കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 15 | | എസ്.ബി.റ്റി ക്രോസ്സ് വാമഞ്ചൂർഗുഡ്ഡെ റോഡ് | മഞ്ചേശ്വരം | 13.30 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 16 | | തീരദേശ റോഡുകളുടെ പുനരുദ്ധാരണം – അപ്രോച്ച് റോഡ് - മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിലെ തെക്കുഭാഗത്തെ റോഡിന് ഗ്യാബിയൻ സംരക്ഷണ ഭിത്തി | മഞ്ചേശ്വരം | 320.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 17 | | കാഞ്ഞങ്ങാട് ബീച്ച് ബാവക്ക പള്ളി റോഡ് – കുശാൽ നഗർ | കാഞ്ഞങ്ങാട് | 70.30 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 18 | | റേഷൻകട പി.പി.ടി സ്കൂൾ റോഡ് | കാഞ്ഞങ്ങാട് | 28.00 | സൈറ്റ് കൈമാറിയിട്ടുണ്ട്. |
| 19 | | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ ലിങ്ക് റോഡ് മുരിയനാവി പടിഞ്ഞാറ് പി.പി.ടി.എസ്. സ്കൂൾ കാഞ്ഞങ്ങാട് ബീച്ച് | കാഞ്ഞങ്ങാട് | 49.70 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 20 | | അജാനൂർ പി.എച്ച്.സി – അജാനൂർ ബീച്ച്, ബെല്ലാ ബീച്ച് എം.സി.ബി.എം.എസ് | കാഞ്ഞങ്ങാട് | 87.93 | സാങ്കേതികാനുമതി നൽകാനുണ്ട്. |
| 21 | | മൊഗ്രാൽ പുത്തൂർചേരങ്കൈക്കടപ്പുറം കാവുഗോളി റോഡ് | കാസർഗോഡ് | 150 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 22 | | കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ബങ്കരക്കുന്ന് റോഡ് | കാസർഗോഡ് | 20.20 | പ്രവൃത്തി ആരംഭിച്ചു. |
| 23 | | കമ്പാർ ദേശാംകുളം പുഴക്കര റോഡ് | കാസർഗോഡ് | 14.78 | പ്രവൃത്തി പുരോഗമിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 24 | | ഉദുമ ഗ്രാമപഞ്ചായത്തിലെ പൂച്ചക്കാട് അരയാൽത്തറചിറക്കൽ റോഡ് | ഉദുമ | 37.60 | പ്രവൃത്തി കരാറിലേർപ്പെട്ടു. |
| 25 | 2018-19 | ഉദുമ ഗ്രാമപഞ്ചായത്തിലെ മാളങ്കുന്ന് പട്ടത്താനം നാഗദേവാലയം റോഡ് | ഉദുമ | 38.30 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 26 | | ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ തെക്കിൽ - ഉക്രമ്പാടി – തെയിര റോഡ് | ഉദുമ | 75.75 | പ്രവൃത്തി കരാറിൽ ഏർപ്പെട്ടു. |
| 27 | | ഉദുമ ഗ്രാമ പഞ്ചായത്തിലെ വളപ്പൊത്ത് വയൽ പാലടം റോഡ് | ഉദുമ | 6.10 | റീ ടെൻഡർ നടപടികൾ പൂർത്തിയായി |
| 28 | | വാണ്യാർമൂല ചേടിക്കമ്പനി റോഡ് | ഉദുമ | 18.23 | പ്രവൃത്തി കരാറിൽ ഏർപ്പെട്ടു. |

## എസ്റ്റിമേറ്റ് നൽകാനുള്ളത്

| ക്രമ നം. | വർഷം | പ്രവൃത്തിയുടെ പേര് | നിയമസഭാ മണ്ഡലം |
|---|---|---|---|
| 1 | 2018-19, ലിസ്റ്റ് 1 സീരിയൽ നം. 181 | മുറിയനാവി റെയിൽവേ ലൈൻ റോഡ് | കാഞ്ഞങ്ങാട് |
| 2 | 2018-19, ലിസ്റ്റ് 4 സീരിയൽ നം. 62 | ബല്ലാക്കടപ്പുറം ഒഴിഞ്ഞ വളപ്പ് മീനാപ്പീസ് - കാഞ്ഞങ്ങാട് കടപ്പുറം പുഞ്ചാവി വഴി തെക്കേക്കടപ്പുറം റോഡ് | കാഞ്ഞങ്ങാട് |
| 3 | 2018-19, ലിസ്റ്റ് 4 സീരിയൽ നം. 68 | ഇക്ബാൽ എച്ച്.എസ്.എസ് – റെയിൽവേ ട്രാക്ക് റോഡ് കോൺക്രീറ്റ് ചെയ്ത് നവീകരിക്കൽ | അജാനൂർ |
| 4 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 233 | കൊമ്പംപാറ – ഹദ്ദാദ് നഗർ റോഡ് (കളനാട്) | ഉദുമ |
| 5 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 234 | മാങ്ങട് – മേൽബാര – പൊയിനാച്ചി റോഡിലെ മേൽബാരയിൽ ചെറിയ പാലവും അപ്രോച്ച് റോഡും | ഉദുമ |
| 6 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 235 | പൈച്ചാൽ പൂക്കറ – വിഷ്ണു മംഗല റോഡ് | കാസർഗോഡ് |
| 7 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 236 | പച്ചക്കാട് ശേഷവന പൈച്ചാൽ റോഡ് | കാസർഗോഡ് |
| 8 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 237 | മൊഗ്രാൽപുത്തൂർ ടൗൺ - മൊഗ്രാൽ പുത്തൂർ ഹയർസെക്കന്ററി സ്കൂൾ റോഡ് | കാസർഗോഡ് |

| | | | |
|---|---|---|---|
| 9 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 238 | എരിയാൽ ബ്ലാർക്കോട് റോഡ് | കാസർഗോഡ് |
| 10 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 239 | ചൗക്കി – കെ.കെ.പുറം – ബ്ലാർക്കോട് റോഡ് | കാസർഗോഡ് |
| 11 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 240 | ബങ്കരക്കുന്ന് ക്രോസ്സ് റോഡ് – കേളുവള്ളപ്പ് – കതിർ റോഡ് | കാസർഗോഡ് |
| 12 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 241 | ശാസ്ത്രാം നഗർ - മിത്തല ബെള്ളൂർ റോഡ് | കാസർഗോഡ് |
| 13 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 242 | ബെദ്രഡുക്ക – കമ്പാർ റോഡ് | കാസർഗോഡ് |
| 14 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 243 | ചൗക്കിക്കുന്നിൽ - മജൽ - ഉജിർക്കര റോഡ് | കാസർഗോഡ് |
| 15 | 2019-20 ലിസ്റ്റ് 1 സീരിയൽ നം. 244 | എരിഞ്ഞിക്കീൽ - കിഴക്കേമുറി തീരദേശ റോഡ് | തൃക്കരിപ്പൂർ |

[signature]

**സെക്ഷൻ ആഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - തീരദേശറോഡുകളുടെ ഗണത്തിൽ ഉൾപ്പെടുത്തി നിർമ്മാണത്തിനായി റോഡുകൾ തിരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കേണ്ട വ്യവസ്ഥകളും മാനദണ്ഡങ്ങളും ഉൾപ്പെടുത്തി പുതിയ മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ(സാധാ) നം.127/2019/മ.തു.വ തിരുവനന്തപുരം, തീയതി,15.02.2019**

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.10.2017, 23.11.2017 -ലെ ഡി9/4601/10/സി.ഇ നമ്പർ കത്ത്.

## **ഉത്തരവ്**

തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന റോഡുകൾ, റോഡുകൾ സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യേണ്ട അധികാരികൾ, ഏറ്റെടുക്കാവുന്ന വിവിധ ഏജൻസികളുടെ റോഡുകൾ എന്നിവ ഉൾപ്പെടുത്തിയ പുതിയ മാർഗ്ഗരേഖ അംഗീകരിച്ച് നൽകണമെന്ന് പരാമർശ കത്തു പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന റോഡുകൾ, റോഡുകൾ സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യേണ്ട അധികാരികൾ, ഏറ്റെടുക്കാവുന്ന വിവിധ ഏജൻസികളുടെ റോഡുകൾ എന്നിവ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന പുതിയ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

1. **തീരദേശ റോഡുകളുടെ നിലവാരമുയർത്താൻ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന റോഡുകൾ.**

   a) റോഡുകൾ 90% എങ്കിലും കടൽ തീരത്തെ High water line -ൽ നിന്നും 8 കി.മീ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

   b) ഒരു റോഡിന്റെ 90% എങ്കിലും കായൽ തീരങ്ങളിൽ നിന്നും 5 കി.മീ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

c) ഒരു റോഡിന്റെ 90% എങ്കിലും നദീതീരങ്ങൾ/കടവുകളിൽ നിന്നും 5 കി.മീ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

d) ഫിഷർമെൻ കോളനിയിലേയ്ക്കുള്ള റോഡുകൾ.

e) സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയിലേയ്ക്കുള്ള കണക്ടിവിറ്റി റോഡുകൾ, ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയ്ക്കുള്ളിലെ റോഡുകൾ, ഹാർബർ കണക്ടിവിറ്റി റോഡുകൾ.

f) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ റോഡുകളും.

g) മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള റോഡുകളാണ് തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതെന്ന വകുപ്പിന്റെ സാക്ഷിപത്രം സഹിതം എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

## 2. റോഡുകൾ സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യേണ്ട അധികാരികൾ.

(a) ബഹു. ഫിഷറീസ് മന്ത്രി/ബഹു. ലോകസഭാംഗങ്ങൾ/ ബഹു. നിയമസഭാ സാമാജികർ ഇവരിലാരെങ്കിലും ശുപാർശ ചെയ്യുന്ന റോഡുകൾ.

(b) ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ കമ്മിറ്റി തീരുമാനം (resolution) പ്രകാരം ശുപാർശ ചെയ്യുന്ന റോഡുകൾ

(c) ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശുപാർശ ചെയ്യുന്ന ഹാർബറിലേയ്ക്കും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയ്ക്കും നേരിട്ടുള്ള കണക്ടിവിറ്റി റോഡും, ഹാർബർ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം എന്നിവയ്ക്കുള്ളിലെ റോഡുകൾ, ഹാർബർ - ഹാർബർ കണക്ടിവിറ്റി റോഡുകൾ.

(d) ഫിഷറീസ് ഡയറക്ടർ ശുപാർശ ചെയ്യുന്ന ഫിഷ് ഫാം/ ഹാച്ചറി/ അക്വേറിയങ്ങൾ, മത്സ്യത്തൊഴിലാളി/മത്സ്യകർഷക പരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ളിലെ റോഡുകളും അവയിലേയ്ക്കുള്ള കണക്ടിവിറ്റി റോഡുകൾ, ഹാച്ചറികൾക്കുള്ളിലേയ്ക്കുള്ള റോഡുകൾ.

## 3. ഏറ്റെടുക്കാവുന്ന വിവിധ ഏജൻസികളുടെ റോഡുകൾ

a) മുകളിൽ പറഞ്ഞ തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ വരുന്ന പുതിയ റോഡുകൾ.

b) തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ (അവരുടെ സമ്മതപത്രത്തോടു കൂടിയുള്ളവ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ മറ്റ് വകുപ്പുകളുടെയോ അധീനതയിലുള്ള സ്ഥലത്ത് പുതുതായി റോഡ് നിർമ്മിക്കാൻ നിർദ്ദേശിക്കുമ്പോഴോ, നിലവിലുള്ള റോഡുകളുടെ നിലവാരമുയർത്താൻ നിർദ്ദേശിക്കുമ്പോഴോ, ടി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്താൽ തുടർ പരിപാലനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പ് നിർവ്വഹിക്കാമെന്ന ഉറപ്പ് കൂടി

റോഡ് നിർമ്മാണം/പുനരധിവാസം ഏറ്റെടുക്കുന്നതിൽ മുൻപ് ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ചിട്ടുണ്ടാകണം.

c) ഏതെങ്കിലും പി.ഡബ്ല്യൂ.ഡി റോഡുകൾ ഈ പദ്ധതിയിൽ ചെയ്യേണ്ടതുണ്ടെങ്കിൽ അത് സർക്കാർ നിർദ്ദേശ പ്രകാരം.

4. **ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിക്കുന്ന എല്ലാ റോഡുകളും വകുപ്പിന്റെ അസറ്റ് രജിസ്റ്ററിൽ (Asset Register) രേഖപ്പെടുത്തേണ്ടതും കാലാനുസൃതമായി ടി രജിസ്റ്റർ പുതുക്കേണ്ടതുമാണ്.**

**ഗവർണറുടെ ഉത്തരവിൻപ്രകാരം**
**കെ.ആർ.ജ്യോതിലാൽ**
**ഗവൺമെൻറ് പ്രിൻസിപ്പൽ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ആഫീസർ**

സെക്ഷൻ ആഫീസർ